# Ephphatha in ‘Need’

## (ആവശ്യങ്ങളോട് - എഫഥാ) - മർക്കോ:7:33,34



ഹെൻറി ന്യൂയോർക്ക് നഗരത്തിലെ ഒരു സുവിശേഷ പ്രവർത്തകൻ ആയിരുന്നു. ഭക്തനും പ്രാർത്ഥനാമനുഷ്യനുമായിരുന്ന അദ്ദേഹം നഗരത്തിലെ ചേരിപ്രദേശത്ത് സുവിശേഷ പ്രവർത്തനം നടത്തിയശേഷം ക്ഷീണിച്ച് തളർന്ന് വീട്ടിലേക്ക് മടങ്ങുകയായിരുന്നു.

ബ്രൂക്ക്ലാൻഡിലുള്ള ആറ്റിൻതീരത്ത് എത്തിയപ്പോഴ്ണ് മറുകര എത്തുവാനുള്ള കടത്തുകുലി തന്റെ കൈവശം ഇല്ല എന്നോർത്തത്. ഹൃദയവേദനയോടെ ഒരു ഒഴിഞ്ഞകോണിൽ നിന്ന് സ്വർഗ്ഗത്തേക്ക് നോക്കി പ്രാർത്ഥിച്ചു പറഞ്ഞു. കർത്താവേ ഞാൻ ക്ഷീണിതനാണ് എന്റെ കൈവശം കടത്തുകൂലിയുമില്ല. പക്ഷേ നീ എന്നെ മറുകര എത്തിയ്ക്കും എന്ന് വിശ്വസിച്ച് നന്ദി പറയുന്നു. പ്രാർത്ഥന കഴിഞ്ഞ് തന്റെ കണ്ണിൽ പെട്ടന്ന് 50 സെന്റിന്റെ നാണയമാണ്. അങ്ങനെ അദേഹം മറുകരയിൽ എത്തി.

ദൈവം തന്റെ മക്കളുടെ ഏറ്റവും ചെറിയ ആവശ്യങ്ങൾ പോലും നിറവേറ്റുന്നതിൽ അതീവ ശ്രദ്ധാലുവാണ്. അടിയന്തിരസന്ദർഭങ്ങളിൽ ദൈവം തന്റെ മക്കളുടെ പ്രാർത്ഥനകേട്ട് തിടുക്കത്തിൽ പ്രവർത്തിക്കുമ്പോഴാണ് അത് അത്ഭുതമാകുന്നത്. ചില സമയത്ത് നമ്മുടെ അപാകതകളോ ആവശ്യങ്ങളോ പരിഹരിച്ചു തരുവാൻ ചുറ്റുപാടുമുള്ളവർ ശ്രമിക്കുകയും നമ്മെ യേശുവിന്റെ അടു

ക്കൽ എത്തിക്കുകയും ചെയ്യുന്നു. കാഴ്ചശക്തി, കേൾവിശക്തി, സംസാരശേഷി ഇവ ഒരു വ്യക്തിയ്ക്ക് അത്യാവശ്യം എന്നതുപോലെ വെള്ളം, ഭക്ഷണം, മഴ, മഞ്ഞ്, ഇവയും എല്ലാമനുഷ്യർക്കും ആവശ്യമുള്ള കാര്യങ്ങളാണ്.

ദൈവ വചനത്തിൽ കർത്താവ് ആവശ്യങ്ങളോട് തുറന്നുവരിക എന്നർത്ഥമുള്ള (എഫഥാ) എന്ന് പറയുന്നതായി (മർക്കോ:7:31-35) കാണുന്നു. വിക്കനായൊരു ചെകിടനെ ജനം അയാൾ ആവശ്യപ്പെടാതെ തന്നെ യേശുവിന്റെ അടുക്കൽ എത്തിക്കുന്നു. യേശു അവനെ പുരുഷാരത്തിന്റെ അടുത്തു നിന്നും വേറിട്ട് കൊണ്ടുപോയി എന്ന് കാണാം. എന്താണ് കാരണം? പഴയ കൂട്ടുകാരിൽ നിന്ന്, പഴയസാഹചര്യങ്ങളിൽ നിന്ന് ഒരുവേർപാട് അവന് സംഭവിച്ചില്ലെങ്കിൽ അവന്റെ ആവശ്യങ്ങളോട് എഫഥാ എന്ന് പറഞ്ഞതുകൊണ്ട് അർത്ഥമില്ല ലൂക്കോ:(15:14) ൽ അപ്പന്റെ സമ്പാദ്യത്തിൽ നിന്നും തനിക്കുള്ളതുവാങ്ങിപോയവൻ സുബോധം നഷ്ടപ്പെട്ട ദുർനടപ്പുകാരുടെ
ഇടയിൽ പാർത്തപ്പോൾ അപ്പനെ ഓർക്കുകയുണ്ടായില്ല. സകലവും നഷ്ടപ്പെട്ട്, എല്ലാവരാലും ഉപേക്ഷിക്കപ്പട്ടപ്പോഴാണ് ,
വേർപാടിനുള്ള സുബോധം വന്നതും, അപ്പന്റെ അടുക്കലേക്ക് മടങ്ങി എത്തണം എന്ന ചിന്ത വന്നതും. അതായത് വേർപെട്ട സാഹചര്യത്തിൽ എത്തിയപ്പോഴാണ് അവന്റെ ബുദ്ധിമണ്ഡലത്തോട് കർത്താവ് ഏഫഥാ എന്ന് പറഞ്ഞത്.

വിക്കനായ ചെകിടനെ വേറിട്ടുകൊണ്ടുപോയ യേശുവിന്റെ മൂന്ന് പ്രവർത്തികൾ നമുക്ക് ശ്രദ്ധിയ്ക്കാം. (മർക്കോ 7:33)

**(1) ചെവിയിൽ വിരൽ ഇട്ടു-** നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ച ദൈവകരങ്ങൾക്കു മാത്രമേ സൗഖ്യമാക്കുവാൻ കഴിയുകയുള്ളു എന്ന പാഠം പഠിപ്പിച്ചു. കുടാതെ ദൈവീക നിർദ്ദേശങ്ങൾ കേൾക്കാതെ ശത്രു അടച്ച ചെവികളോടും യേശു എഫഥാ എന്ന് പറഞ്ഞാൽ മാത്രമേ അവരും ദൈവവചനം കേൾക്കേണ്ടതുപോലെ കേൾക്കുകയുള്ളു.

**(2) തുപ്പി അവന്റെ നാവിനെ തൊട്ടു-** നാവ് രുചിയറിയുവാൻ നമ്മെ സഹായിക്കുന്നു. യഹോവ നല്ലവനെന്ന് രുചിച്ചറിയുവാനുള്ള ഭാഗ്യം നമുക്കുണ്ടാകട്ടെ. അറിയേണ്ടവനെ അറിയേണ്ട വിധത്തിൽ അറിഞ്ഞ് ആരാധിക്കുമ്പോൾ നാവിന്റെ കെട്ട് പൊട്ടുകയും ചെവിതുറക്കുകയും ചെയ്യുന്നു യഹോവയെ രുചിച്ചറിയാത്തവൻ ലോകപ്രകാരമുള്ള പലതിന്റെയും രുചി ആസ്വദിക്കുന്നു. ആഹീനമായ രുചികൾ തുടച്ചുനീക്കി അവന്റെ ഉമിനീരുപോലും ശുദ്ധമാക്കുന്ന പ്രവർത്തിയാണ് യേശു ചെയ്യുന്നത് .

**(3) <u>സ്വർഗ്ഗത്തിലേക്ക് നോക്കി നെടുവീർപ്പിട്ടു.</u>**

സകലസഹായവും പിതാവിൽ നിന്ന് മാത്രമെന്ന് പുതിയ മാനസാന്തരക്കാരനെ അറിയിക്കുവാനാണ് സ്വർഗ്ഗത്തിലേക്ക് നോക്കിയത്. വിക്കനായ ചെകിടന്റെയും അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നവരുടെയും ഉള്ള അവസ്ഥ അറിയുന്നവനാണ് യേശു കർത്താവ്. ക്രിസ്ത്യാനി എന്ന നാമധേയം ഉണ്ടായിട്ടും വചനം കേൾക്കാതെ തെറ്റുമാത്രം ചെയ്യുന്നവരെ നോക്കി യേശു ഇന്നും നെടുവീർപ്പിടുന്നു. മാതാപിതാക്കന്മാരെ, ഗുരുക്കന്മാരെ ബഹുമാനിക്കാത്ത തലമുറയെ നോക്കി നേടുവീർപ്പിടാനല്ലാതെ എന്തുചെയ്യും എന്ന് നാം വിലപിക്കാതെ അവരെ യേശുവിന്റെ അടുക്കലേക്ക് എത്തിക്കുവാൻ നമുക്ക് ശ്രമിക്കാം.

മനുഷ്യന് അത്യാവശ്യമുള്ള മറ്റുചില ഘടകങ്ങളാണ് മഞ്ഞ്, മഴ, വെയിൽ, ജലം, ആഹാരം ഇവ ഉല്പത്തി (21:19) ൽ ബാലൻ ഇരിക്കുന്നേടത്തുനിന്ന് അവന്റെ നിലവിളി കേട്ട ദൈവം ഹാഗാർ ചെന്ന് അവനെ താങ്ങി ഇരുത്തുവാൻ ആവശ്യപ്പെടുന്നു. അതിനുശേഷം അവളുടെ കണ്ണ് തുറന്ന (കാഴ്ച ശക്തിയോട് എഫഥാ പറഞ്ഞപ്പോൾ) പ്പോഴാണ് അവൾ നീരുറവകണ്ടത്.

1 രാജ : 17:1 - 6 യുള്ള വാക്യങ്ങളിൽ മഞ്ഞും മഴയും പെയ്യുകയില്ല എന്ന പ്രഖ്യാപിച്ച തന്റെ മകനെ അയച്ച ദൈവം തന്നെ തുടർന്നണ്ടാകുവാൻ പോകുന്ന വരൾച്ച, ക്ഷാമം ഇവയിൽ നിന്ന് രക്ഷിക്കുന്നതായി കാണാം. ജനം മഞ്ഞും മഴയും യഹോവയുടെ ദാനമെന്ന് അറിയുവാൻ വേണ്ടി അതിനോട് ചെയ്യരുത് എന്ന് കൽപ്പിച്ചവൻ തന്നെ പ്രകൃതിയോട് എഫഥാ എന്ന് പറഞ്ഞപ്പോൾ ശക്തമായ മഴപെയ്തു. നമ്മുടെ ഉയർച്ചകൾ, ആവശ്യങ്ങൾ തടഞ്ഞുവച്ച അവസ്ഥയിലാണോ എഫഥാ എന്ന ശബ്ദം മുഴക്കുന്ന മഹത്വമായവനെ പാടി ആരാധിക്കുക സ്തുതിക്കുക, അടഞ്ഞവാതിലുകളോട് നല്ലവനായ ദൈവം തുറന്നുവരിക എന്നർത്ഥമുള്ള എഫഥാ എന്ന് പറയട്ടെ. അതിനായി നമുക്ക് നമ്മെ താഴ്ത്തി ഏൽപ്പിക്കാം.

God Bless You

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg